പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## നാഷണൽ റർബൻ മിഷൻ

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 416 — 20-03-2018-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എസ്. ശർമ്മ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. എം. രാജഗോപാലൻ<br>ശ്രീ. ജോർജ് എം. തോമസ്** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളുടെ വികസനത്തിനായി നാഷണൽ റർബൻ മിഷൻ (എൻ.ആർ.യു.എം.) പ്രകാരം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളുടെ പശ്ചാത്തല സൗകര്യ വികസനത്തിനും സാമ്പത്തിക ഉന്നമനത്തിനും നൈപുണ്യ, സംരംഭകത്വ വികസനത്തിനും എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (ബി) | പ്രസ്തുത പദ്ധതി പ്രകാരം താഴെ പറയുന്ന പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത്.<br>1. ഗ്രാമീണ റോഡുകളുടെ നിർമ്മാണം<br>2. ആഴ്ചയിൽ 24 മണിക്കൂറും കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതികൾ<br>3. ഗ്രാമീണ റോഡുകളിൽ ഓടകളുടെ നിർമ്മാണം<br>4. തെരുവ് വിളക്കുകൾ സ്ഥാപിക്കൽ<br>5. ആധുനിക സൗകര്യങ്ങളോടുകൂടിയ മൊബൈൽ ഹെൽത്ത് യൂണിറ്റ്<br>6. പാവപ്പെട്ടവർക്ക് എൽ.പി.ജി പാചക വാതക കണക്ഷൻ<br>7. കാർഷിക വിഭവങ്ങൾ ശേഖരിച്ച് സംസ്കരിച്ച് മൂല്യാധിഷ്ഠിത വിഭവങ്ങൾ ഉണ്ടാക്കുന്നതിനുള്ള കേന്ദ്രങ്ങൾ<br>8. തൊഴിൽ രഹിതരുടെ നൈപുണ്യ ശേഷി വികസനം<br>9. പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികൾ<br>10. പൊതുജന സേവന കേന്ദ്രങ്ങളുടെ ആരംഭം<br>11. സാധാരണക്കാർക്ക് കമ്പ്യൂട്ടർ സാക്ഷരത നൽകൽ |

<table>
<tr><td></td><td></td><td></td><td>12. ഖരമാലിന്യ സംസ്കരണത്തിനുള്ള പദ്ധതികൾ<br>13. ദ്രവ മാലിന്യങ്ങളുടെ സംസ്കരണ പദ്ധതികൾ</td></tr>
<tr><td>(സി)</td><td>ഇതിൻ പ്രകാരം സംസ്ഥാനത്തെ എത്ര പഞ്ചായത്തുകളെ ഇതുവരെ തെരഞ്ഞെടുത്തിട്ടുണ്ട്; വിശദമാക്കുമോ;</td><td>(സി)</td><td>22 പഞ്ചായത്തുകൾ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. അവയുടെ വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം</th><th>ജില്ല</th><th>ഗ്രാമ പഞ്ചായത്ത്</th></tr>
<tr><td>1</td><td>തിരുവനന്തപുരം</td><td>വെള്ളനാട്<br>ആര്യനാട്</td></tr>
<tr><td>2</td><td>കൊല്ലം</td><td>നെടുമ്പന<br>തൃക്കോവിൽവട്ടം</td></tr>
<tr><td>3</td><td>ആലപ്പുഴ</td><td>കഞ്ഞിക്കുഴി<br>മാരാരിക്കുളം നോർത്ത്</td></tr>
<tr><td>4</td><td>കോട്ടയം</td><td>പുതുപ്പള്ളി<br>മണർകാട്</td></tr>
<tr><td>5</td><td>എറണാകുളം</td><td>പുത്തൻവേലിക്കര<br>കുന്നുകര</td></tr>
<tr><td>6</td><td>തൃശ്ശൂർ</td><td>പുന്നയൂർകുളം<br>വടക്കേക്കാട്</td></tr>
<tr><td>7</td><td>പാലക്കാട്</td><td>പുതുക്കോട്<br>കാവശ്ശേരി</td></tr>
<tr><td>8</td><td>മലപ്പുറം</td><td>എടപ്പാൾ<br>വട്ടംകുളം<br>താനാളൂർ<br>നിറമരുതൂർ</td></tr>
<tr><td>9</td><td>കണ്ണൂർ</td><td>മങ്ങാട്ടിടം<br>കോട്ടയം<br>ചെമ്പിലോട്<br>പെരളശ്ശേരി</td></tr>
</table></td></tr>
<tr><td>(ഡി)</td><td>ഇതിനുള്ള കേന്ദ്രവിഹിതമായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും സംസ്ഥാന വിഹിതമായി എത്ര രൂപ 2018-19 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?</td><td>(ഡി)</td><td>ഒന്നാംഘട്ട ക്ലസ്റ്ററുകൾക്ക് കേന്ദ്ര വിഹിതമായി ആകെ 43.20 കോടി രൂപയും, അതിനാനുപാതികമായി 28.80 കോടി രൂപ സംസ്ഥാന വിഹിതമായും അനുവദിച്ചിട്ടുണ്ട്. രണ്ടാംഘട്ട ക്ലസ്റ്ററുകൾക്ക് കേന്ദ്ര വിഹിതമായി 21.6 കോടി രൂപയും, സംസ്ഥാന വിഹിതമായി 14.4 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതമായി 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ